## പതിമൂന്നാം കേരളനിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.164

25.03.2013 ന് മറുപടിയ്ക്ക്.

### ഇക്കോസെൻസിറ്റീവ് പ്രദേശങ്ങൾ

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ
ശ്രീ.പി.റ്റി.എ.റഹീം

ഉത്തരം

ശ്രീ.കെ.ബി.ഗണേഷ് കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ) വന്യമൃഗ സങ്കേതങ്ങളുടെ രണ്ട് കിലോമീറ്റർ ചുറ്റളവ് വരെ ഇക്കോ സെൻസിറ്റീവ് പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യാൻ വനം വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് വനം വകുപ്പ് തയ്യാറാക്കിയ വിജ്ഞാപനത്തിന്റെ കരട് ലഭ്യമാക്കുമോ ;

(എ) വന്യമൃഗസങ്കേതങ്ങൾക്ക് ചുറ്റം പാരിസ്ഥിതിക സംവേദകമേഖലകൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ വിവിധ വകുപ്പുകളുടെ അഭിപ്രായം ആരാഞ്ഞ് അന്തിമ ശുപാർശ തയ്യാറാക്കി കേന്ദ്ര സർക്കാരിൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ വകുപ്പുകളുടെ അഭിപ്രായത്തിനായി നൽകിയിട്ടുള്ള കരടിന്റെ soft copy (C.D) ഉള്ളടക്കം ചെയ്യുന്നു.

(ബി) സർക്കാർ നിയോഗിച്ച വന്യജീവി ബോർഡിന്റെ ഇതു സംബന്ധിച്ച ശുപാർശ എന്തായിരുന്നു; വിശദമാക്കുമോ ;

(ബി) സംസ്ഥാന വന്യജീവി ബോർഡിന്റെ 03.01.2013-ൽ ചേർന്ന യോഗത്തിൽ ഈ വിഷയം അജണ്ടാ ഐറ്റം നം.VIII ആയി ചർച്ച ചെയ്യുകയും വന്യജീവി സങ്കേതങ്ങൾക്കു ചുറ്റം പാരിസ്ഥിതിക സംവേദക മേഖലകൾ രൂപീകരിക്കുന്നതിനായി കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കർഷകരുടേയും, പൊതുജനങ്ങളുടേയും ആശങ്കകൾ അകറ്റിക്കൊണ്ട് തീർത്തും പൊതുജന നന്മയെ ലക്ഷ്യമിട്ടുകൊണ്ട് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഓരോ വന്യജീവി സർക്കിളുകളിലുമുള്ള സംരക്ഷിത പ്രദേശങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ പറയുന്ന 3 ഉപസമിതികൾ രൂപീകരിച്ചു.

**വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട്.**

| | |
|---|---|
| 1. ശ്രീ.റ്റി.എൻ.പ്രതാപൻ, MLA | ചെയർമാൻ |
| 2. ശ്രീ.സി.പി.എ.അസീസ് മാസ്റ്റർ | മെമ്പർ |
| 3. ഡോ.പി.എസ്.ഈശാ | മെമ്പർ |

| | |
|---|---|
| 4. ശ്രീ.എം.എസ്.ദിലീപ് | മെമ്പർ |
| 5. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ | മെമ്പർ |
| 6. ശ്രീ.ഒ.പി.കലേർ, ഫീൽഡ് ഡയറക്ടർ, പറമ്പിക്കുളം ടൈഗർ റിസർവ്വ് (സി.സി.എഫ്, വൈൽഡ് ലൈഫ്, പാലക്കാട്). | കൺവീനർ |

**വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം.**

| | |
|---|---|
| 1. ശ്രീ.വി.ഡി.സതീശൻ, MLA | ചെയർമാൻ |
| 2. ഡോ.പി.ഒ.നമീർ | മെമ്പർ |
| 3. ശ്രീ.പി.ശശികുമാർ | മെമ്പർ |
| 4. ശ്രീ.പി.കെ.ജയചന്ദ്രൻ | മെമ്പർ |
| 5. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ | മെമ്പർ |
| 6. ശ്രീ.കെ.വി.സുബ്രഹ്മണ്യം, ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം. | കൺവീനർ |

**വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം.**

| | |
|---|---|
| 1. ശ്രീ.എൻ.ഷംസുദ്ദീൻ MLA | ചെയർമാൻ |
| 2. പ്രൊഫ.സി.റ്റി.വർഗ്ഗീസ് | മെമ്പർ |
| 3. ബന്ധപ്പെട്ട വൈൽഡ് ലൈഫ് വാർഡൻ | മെമ്പർ |
| 4 ശ്രീ.ശ്രീപാൽ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എ.ബി.പി), തിരുവനന്തപുരം. | കൺവീനർ |

(സി) വനം വകുപ്പിന്റെ ശുപാർശയിന്മേൽ നിയമവകുപ്പ് പ്രകടിപ്പിച്ച അഭിപ്രായം എന്തായിരുന്നു ; വിശദമാക്കാമോ ;

(സി) ഇക്കാര്യത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ച പ്രകാരം ശുപാർശ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, അന്തിമ തീരുമാനമായിട്ടില്ല. ആയതിനാൽ നിയമവകുപ്പിന്റെ അഭിപ്രായം ആരായുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഇക്കാര്യത്തിലെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ?

(ഡി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി കൂടിയാലോചിച്ച് കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിനനുസൃതമായി ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിലുള്ള ഒരു ശുപാർശ കേന്ദ്ര സർക്കാരിലേക്ക് നൽകുവാനുള്ള നടപടികളാണ് നടന്നു വരുന്നത്.

സെക്ഷൻ ഓഫീസർ.